**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഗ്രാമവികസനം- ജീവനക്കാര്യം - ശ്രീ.പ്രബോധ് ചൈതന്യ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ - ശൂന്യ വേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നമ്പർ.160/2016/തസ്വഭവ,തിരുവനന്തപുരം, തീയതി,18.01.2016.

---

പരാമർശം :-1. ശ്രീ.പ്രബോധ് ചൈതന്യ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്, ചെങ്ങന്നൂർ 20.09.2014 തീയതിയിൽ സമർപ്പിച്ച അവധി അപേക്ഷ.

2. ഗ്രാമവികസന കമ്മീഷണറുടെ 14.12.2015-ലെ 22346/എസ്റ്റാ.ബി2/14/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ചെങ്ങന്നൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീ.പ്രബോധ് ചൈതന്യ വ്യക്തിപരമായ ആവശ്യത്തിനായി 22.9.2014 മുതൽ ഒരു വർഷത്തേക്ക് ശൂന്യവേതനാവധി അനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്ത് സർക്കാരിലേയ്ക്ക് അയച്ചു തന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെങ്ങന്നൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീ.പ്രബോധ് ചൈതന്യയ്ക്ക് വ്യക്തിപരമായ ആവശ്യത്തിനായി 22.9.2014 മുതൽ ഒരു വർഷത്തേക്ക് കെ.എസ്.ആർ ഭാഗം I, ചട്ടം 88(ii) പ്രകാരം, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു പരിഗണിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സുനിൽകുമാർ.എസ്.ഡി**

**ഡെപ്യൂട്ടി സെക്രട്ടറി**

ശ്രീ.പ്രബോധ് ചൈതന്യ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I, ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്,ചെങ്ങന്നൂർ (ഗ്രാമവികസന കമ്മീഷണർ മുഖേന)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം (ശ്രീ. പ്രബോധ് ചൈതന്യയുടെ സേവന പുസ്തകം സഹിതം)

ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസർ, ചെങ്ങന്നൂർ

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൌണ്ടന്റ് ജനറൽ (എ&ഇ), കോട്ടയം

ഇൻഫർമേഷൻ കേരള മിഷൻ

തദ്ദേശസ്വയംഭരണ (ഒ.എസ്) വകുപ്പ്

ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ